# MAKEOVER MAGIC

വർഷങ്ങൾ പഴക്കമുള്ള ഇരുനിലവീടിന്റെ പുനർജന്മത്തിന്റെ കഥയാണിത്. പഴയ വീട് പൂർണമായും പൊളിച്ചുകളയാതെ കൂട്ടിച്ചേർക്കലുകളിലൂടെയും ഭാവനാപൂർണ്ണമായ മാറ്റങ്ങളിലൂടെയും കാവ്യഭംഗി നൽകുന്ന പുതിയ സൃഷ്ടി രൂപപ്പെടുത്താൻ കഴിഞ്ഞത് ഡിസൈൻ മികവിന്റെ ഉത്തമോദാഹരണം



## fact file

| | |
|---|---|
| **Location** | : Pattarkulam, Manjeri |
| **Client** | : Nirman Muhammad Ali |
| **Interior Designer** | : A.M.Faisal |
| **Design Style** | : Contemporary |
| **Area** | : 5300 sq. ft. |
| **Completed year** | : 2010 |



# മാന്ത്രികന്റെ കയ്യൊപ്പ്

കാലപ്രവാഹത്തിൽപ്പെട്ട് ഓജസ്സും അഴകും വാർന്നു പോയ തന്റെ വീടിന് പുതിയ ചൈതന്യവും സൗന്ദര്യവും നൽകി പുതു ജീവൻ പകരാൻ നിർമാൺ മുഹമ്മദാലി നിയോഗിച്ചത് തന്റെ സഹോദരനും ഡിസൈനറുമായ എ. എം. ഫൈസലിനെ. സഹോദരന്റെ ഭവന സങ്കൽപങ്ങൾക്ക് ഒരുപടി മുന്നിൽ നിൽക്കുന്ന സൗന്ദര്യത്തികവേറിയ ഒരു പുതിയ വീടുതന്നെ പൂർത്തീകരിച്ച് ഫൈസൽ തന്റെ ഡിസൈൻ മികവ് തെളിയിച്ചു, അതും 11 മാസങ്ങൾക്കൊണ്ട്. വർഷങ്ങൾ പഴക്കമുള്ള ഒരു ഇരുനില വീടിന്റെ പുനർജ്ജന്മത്തിന്റെ കഥകൂടിയായിരുന്നു ആ 'റെനോവേഷൻ'.

## ചേലൊത്ത വീട്

കിഴക്കുവശത്തേയ്ക്കാണ് ഈ ചേലൊത്ത വീടിന്റെ ദർശനം. തെങ്ങുകളുടെ തണലിൽ, മനോഹരമായി ഒരുക്കിയ ലാന്റ് സ്കേപ്പിന്റെ സാന്നിദ്ധ്യവുമായി നിൽക്കുന്ന ഈ വീട് മഞ്ചേരി പട്ടർകുളം വഴി യാത്ര ചെയ്യുന്നവരുടെ കണ്ണിൽ ഉടക്കാതെ പോകില്ല. മാംഗ്ലൂർ ടൈലുകൾ പതിച്ച് നീല വെതർഷീൽഡുകൊണ്ട് മറച്ച മേൽക്കൂരയാണ് ഈ വീടിന്റെ എക്സ്റ്റീരിയറിന് കാവ്യഭംഗി നൽകുന്ന പ്രധാന ഘടകം. കൃഷ്ണശിലയെ ഓർമ്മിപ്പിക്കുന്ന ക്ലാഡ്ഡിങ്, മെറ്റാലിക് കോട്ട്ചെയ്ത പ്ലൈവുഡ്കൊണ്ട് പാനൽ ചെയ്ത ചുമരുകൾ, അവയുടെ വുഡൻ സ്ട്രിപ് ബോർഡർ, റീപ്പറുകളുടെ സാന്നിധ്യം, സ്റ്റോൺ ക്ലാഡുചെയ്ത തൂണുകൾക്ക് അധികച്ചന്തം ചാർത്തി വുഡൻ സ്ട്രിപ്, സിറ്റൗട്ടിനെ അലങ്കരിക്കുന്ന വെള്ള വിയറ്റ്നാം മാർബിൾ, ചുമരിലെ വൺവാട്ട് എൽ. ഇ. ഡി ബൾബുകൾ എന്നിവയെല്ലാം വീടിന്റെ എക്സ്റ്റീരിയറിനു മേലാപ്പ് ചാർത്തുന്നതിനോടൊപ്പം അകത്തളങ്ങളിലെ വിസ്മയങ്ങളിലേയ്ക്ക് കൂടി അതിഥിയെ ക്ഷണിക്കുന്ന ഘടകങ്ങളാണ്.


ഹൊറിസോണ്ടൽ ലൈനുകൾ സ്വാഗതമോതുന്ന സിറ്റൗട്ട്




## ഹൊറിസോണ്ടൽ ചന്തം

ഹോറിസോണ്ടൽ ലൈനുകളുടെ പക്വമായ ഉപയോഗമാണ് എടുത്തു പറയേണ്ട മറ്റൊരു ഘടകം. 5300 ചതുരശ്ര അടിയിൽ, അഞ്ച് ബെഡ്റൂമുകളും ലിവിങ് റൂമും ഫാമിലി ലിവിങ്ങും ഡൈനിങ്ങും കിച്ചനും എല്ലാം ഉള്ള ഈ വീടിന്റെ ഓരോ കോണിലും ഹോറിസോണ്ടൽ ലൈനുകളുടെ കൃത്യമായ വിന്യാസം ദർശിക്കാവുന്നതാണ്. ചുമരിലും തറയിലും മാത്രമല്ല, സിലിങ്ങിൽ പോലുമുണ്ട് ഇവയ്ക്ക്



പുതുക്കിപ്പണിത വീടിന്റെ എക്സ്റ്റീരിയർ - ഒരു സായാഹ്നദൃശ്യം.



പഴയ വീട് (ഫയൽ ഫോട്ടോ)

**പഴയ കാർപോർച്ച് ലേഡീസ് സിറ്റിങ് ഏരിയയായി നവീകരിച്ചു. ഈ ഏരിയയിലേയ്ക്കുള്ള എൻട്രിയും ഇപ്പോഴത്തെ പോർച്ചും സിറ്റൗട്ടും അടുക്കളയും വരുന്ന ഭാഗം പഴയ സ്ട്രക്ചറിൽ ഇല്ലാത്തതാണ്**

സ്ഥാനം.

2800 സ്ക്വയർഫീറ്റ് മാത്രമുണ്ടായിരുന്ന പഴയ വീടിനെ 5300 സ്ക്വയർഫീറ്റായി നവീകരിച്ചപ്പോൾ 'അടിസ്ഥാനഘടന'യ്ക്ക് അധികം മാറ്റങ്ങളൊന്നും വരുത്തിയില്ലെങ്കിലും ചില കൂട്ടിച്ചേർക്കലുകൾ ഫൈസൽ വരുത്തിയിട്ടുണ്ട്. ഇവയെല്ലാം തന്നെ ക്ലൈന്റിന്റെ ജീവിതശൈലിയ്ക്ക് ഇണങ്ങുന്ന സൗകര്യങ്ങൾ വീടിന്റെ ഭാഗമാക്കാൻ വേണ്ടിയാണ്. പഴയ സിറ്റൗട്ടിന്റെ ഘടന തന്നെ മാറ്റി, നീളം കൂട്ടി ആ ഭാഗം സ്വീകരണ മുറിയാക്കി. പഴയ കാർപോർച്ച് ലേഡീസ് സിറ്റിങ് ഏരിയയായി നവീകരിച്ചു. ഈ ഏരിയയിലേയ്ക്കുള്ള എൻട്രിയും ഇപ്പോഴത്തെ പോർച്ചും സിറ്റൗട്ടും അടുക്കളയും വരുന്ന ഭാഗം പഴയ സ്ട്രക്ചറിൽ ഇല്ലാത്തതാണ്. ഇതെല്ലാം പൂർണ്ണമായും നവീകരിച്ചെടുക്കുകയായിരുന്നു.

വീടിനകത്തേക്ക് അതിഥിയെ ക്ഷണിക്കുന്ന പാത്ത്‌വേയ്ക്കുപോലുമുണ്ട് ഹൊറിസോണ്ടൽ ലൈനുകളുടെ ചന്തം. വൈറ്റ് വിയറ്റ്നാം മാർബിൾ ഗ്രൂ ചെയ്ത് അതിൽ ഒരിഞ്ചുകനത്തിൽ രണ്ടടിയോളം നീളത്തിലുള്ള ആഷ് കളർ ടൈലുകൾ ഇറക്കിവെച്ചാണ് പാതാവേ ഒരുക്കിയിരുന്നത്. ഫ്

ളോറിങിന് കൂടുതൽ മിഴിവും തെളിമയും പ്രധാനം ചെയ്തു ഈ ആഷ് കളർ ടൈൽ കട്ടിങുകൾ. സ്വീകരണ മുറിയുടെ സീലിംഗിന് അഴകുപകരുന്ന കഴുക്കോലുകൾക്കുമുണ്ട് മറ്റൊരു ധർമ്മം കൂടി. മുകൾ നിലയിലെ പാസേജിൽ ഒരുക്കിയിരിക്കുന്ന 'സീൻ ബിലോ'യുടെ താങ്ങാണ് ഇവ. പ്ലൈവുഡ് കൊണ്ട് പാനൽ ചെയ്തതാണ് പിക്ചർ വാൾ. എൽ. സി. ഡി യുണിറ്റും അവയ്ക്കിടയിലെ എൽ.ഇ.ഡി സ്ട്രിപ്പും ജിപ്സം കൊണ്ടു നിർമ്മിച്ചത്. ഫാൾസ് സീലിങിൽ നൽകിയിരിക്കുന്ന വൺ വാട്ട് എൽ.ഇ.ഡി ബൾബുകളും വീടിന്റെ അകത്തളങ്ങൾക്ക് അഭൂതപൂർവ്വമായ പ്രകാശം പകരുന്നു.

## പെബിൾ ഗാർഡൻ

ഡ്രോയിങ് ഏരിയയുടെ ഫ്ളോറിങിന് ലാമിനേറ്റഡ് വുഡ് ആണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഏരിയയിലെ ഫർണ്ണിച്ചറുകളും അൽപ്പം വ്യത്യസ്തമാണ്. ഡ്രോയിങ് റൂമും ലേഡീസ് സിറ്റിങ് ഏരിയയും തമ്മിൽ വേർതിരിക്കുന്ന ഭാഗം ഗ്ലാസ്

**സ്റ്റെയർകെയ്സിന്റെ സമീപത്തുകൂടെ ടഫൻഡ് ഗ്ലാസ് വിരിച്ച ഫ്ളോറിലൂടെ വേണം ഇവിടേക്ക് പ്രവേശിക്കാൻ. വുഡൻ റെയിലിലാണ് ഈ ടഫൻഡ് ഗ്ലാസുകൾ പാകിയിരിക്കുന്നത്. ഈ ഫ്ളോറിനടിയിൽ ഒരു പെബിൾ ഗാർഡൻ തന്നെ ഒരുക്കിയിരിക്കുന്നു**



കവർ ചെയ്ത് ഓപ്പണിങ്ങുകൾ നൽകിയിട്ടുണ്ട്, അവയുടെ ചന്തം വർധിപ്പിക്കാനായി ഷോപീസുകളും. ലേഡീസ് സിറ്റിങ് ഏരിയയുടെ സ്ഥാനം സ്റ്റെയർകെയ്സിന്റെ അരികിലായാണ്. സ്റ്റെയർകെയ്സിന്റെ സമീപത്തുകൂടെ ടഫൻഡ് ഗ്ലാസ് വിരിച്ച ഫ്ളോറിലൂടെ വേണം ഇവിടേക്ക് പ്രവേശിക്കാൻ. വുഡൻ റെയിലിലാണ് ഈ ടഫൻഡ് ഗ്ലാസുകൾ പാകിയിരിക്കുന്നത്. എൽ.ഇ.ഡി സ്ട്രിപ്പും പെബിൾസും നൽകി ഈ ഫ്ളോറും ഷോപീസാക്കി മാറ്റിയിരിക്കുകയാണ് ഡിസൈനർ. ഈ ഫ്ളോറിനടിയിൽ ഒരു പെബിൾ ഗാർഡൻ തന്നെ ഒരുക്കിയിരിക്കുന്നു. ലേഡീസ് സിറ്റിങ് ഏരിയ സാധാരണ തറനിരപ്പിൽനിന്നും രണ്ടടിയോളം ആഴത്തിലാണ്. പഴയ കാർപോർച്ച് നവീകരിച്ചതാണ് ഈ ഏരിയ.



ലിവിംഗ് റൂമിലെ സീലിംഗിനുമുണ്ട് ഹൊറിസോണ്ടൽ സൗന്ദര്യം



ലിവിംഗ് റൂം മറ്റൊരു ദൃശ്യം

പഴയ പോർച്ചിന്റെ തൂണുകൾ കൺസീൽഡാക്കിയത് പ്ലൈകൊണ്ട് പാനൽ ചെയ്താണ്. ലേഡീസ് സിറ്റിങ് ഏരിയ വീടിന്റെ മറ്റുഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി താഴ്ന്നിരിക്കുന്നു എന്ന ഫീലിങ് ഒഴിവാക്കാൻ ഇതിന്റെ ഒരു വശം പാർട്ടീഷൻ ചെയ്യാൻ ഉപയോഗിച്ച ഗ്ലാസിനു കഴിയുന്നുണ്ട്. ഗ്ലാസ് പാർട്ടീഷനും സ്വകാര്യത പകരുന്ന ത്രഡ് കർട്ടനും ഈ ഏരിയയുടെ പ്രൈവസി കാത്തുസൂക്ഷിക്കുന്നു.


ലേഡീസ് സിറ്റിംഗ് ഏരിയയിലേക്ക് പുറത്തുനിന്നുള്ള എൻട്രി

സ്റ്റെയർകെയ്സിനു അധികം മാറ്റങ്ങൾ വരുത്തിയില്ലെങ്കിലും വീടിന്റെ മൊത്തം തീമുമായി ചേർന്നു പോകാൻ വേണ്ടി വുഡുകൊണ്ടുള്ള റെയിലും പുതിയ പോസ്റ്റുകളും നൽകിയിരിക്കുന്നു. സ്റ്റെയറിന്റെ ഭിത്തി അലങ്കരിക്കുന്നത് മെറ്റാലിക് കോട്ട് ചെയ്ത പ്ലൈവുഡാണ്. ഇവിടെയും വുഡൺ സ്ട്രിപ്പുകൾ നൽകിയിട്ടുണ്ട്. സ്റ്റെയർകെയ്സിന്റെ അടിയിലാണ് ഈ വീടിന്റെ പവർഹൗസ്. പെട്ടന്ന് അതിഥികളുടെ കണ്ണിൽപ്പെടാത്ത അൽപ്പം സുരക്ഷിതമായ ഒരിടം എന്ന നിലയ്ക്കാണ് ഇവിടെ പവർ ഹൗസിനു സ്ഥാനം കണ്ടെത്തിയിരിക്കുന്നത്.


സ്റ്റഡി ഏരിയ


ലേഡീസ് സിറ്റിംഗ് ഏരിയ - ഉള്ളിൽ നിന്നുള്ള കാഴ്ച



## വെളിച്ചംതൂകി നടുമുറ്റം

ഗ്ലാസ് റൂഫ് നൽകിയിരിക്കുന്ന നടുമുറ്റം ഈ വീടിന് ആവശ്യത്തിന് വെളിച്ചവും വെന്റിലേഷനും നൽകുന്നു. നടുമുറ്റത്തിന് ചുറ്റുമായി നൽകിയിരിക്കുന്ന മരത്തൂണുകൾ വീടിന്റെ മൊത്തം ഡിസൈനുമായി നന്നായി ഇണങ്ങുന്നു.

ഈ ഭാഗത്തെ സീലിങ്ങിൽ നൽകിയിരിക്കുന്ന റാഫ്റ്ററും ഇതുമായി നന്നായി ചേർന്നു പോകുന്നുണ്ട്. കൂടുതൽ വെന്റിലേഷൻ ലഭിക്കാൻ വേണ്ടി നടുമുറ്റത്തിന് നൽകിയ ഗ്ലാസ് റൂഫിന് മൂന്നടി ഉയരം കൂട്ടിയാണ് നൽകിയി



ഗ്ലാസ് റൂഫ് നൽകിയിരിക്കുന്ന നടുമുറ്റം ഈ വീടിന് ആവശ്യത്തിന് വെളിച്ചവും വെന്റിലേഷനും നൽകുന്നു. നടുമുറ്റത്തിന് ചുറ്റുമായി നൽകിയിരിക്കുന്ന മരത്തൂണുകൾ വീടിന്റെ മൊത്തം ഡിസൈനുമായി നന്നായി ഇണങ്ങുന്നു



രിക്കുന്നത്

വീടിനകത്തേക്ക് സ്ത്രീകൾക്കു പ്രവേശിക്കാൻ പ്രത്യേകം എൻട്രൻസ് നൽകിയിട്ടുണ്ട്. ഇത് ചെന്നെത്തുന്നത് ലേഡീസ് സിറ്റിങ് ഏരിയയിലേക്കാണ്. പെബിൾസ് ഗാർഡനു നടുവിലൂടെ വുഡൺ ബ്രിഡ്ജ് കടന്നുവേണം അകത്തേക്ക് പ്രവേശിക്കാൻ.

മെറ്റാലിക് സെക്ഷനുകളിലാണ് ഈ വുഡൺ ബ്രിഡ്ജ് ഉറപ്പിച്ചിരിക്കുന്നത്. സ്പെഷൽ ഇഫക്റ്റോടു കൂടിയ ഫ്ളെയിമിഡ് മാർബിളുകൾ ഈ എൻട്രിയുടെ വശത്തായി വരുന്ന ചുമരിന് ലാവണ്യം പകരുന്നു. സൂര്യപ്രകാശം നന്നായി കടന്നുവരാൻ സഹായിക്കുന്ന പർഗോളയും ഇവിടെ നൽകിയിട്ടുണ്ട്. ലേഡീസ് സിറ്റിങ് ഏരിയയ്ക്ക് വിശാലത തോന്നിപ്പിക്കാൻ സഹായിക്കുന്നത് ഗ്ലാസ് ഡോറും പാർട്ടീഷനുമാണ്. ഇവിടെ ഫോൾഡിങ് ഡോറാണ് നൽകിയിരിക്കുന്നത്.

## ടേബിൾ ഒന്നല്ല, രണ്ട്

പഴയ കിച്ചൻ നവീകരിച്ച് ഡൈനിങ് ഏരിയയാക്കി മാറ്റിയിരിക്കുകയാണ്. പ്ലൈയും വെനീറും കൊണ്ടുള്ള ഷോപീസാണ് ഇവിടുത്തെ പ്രധാന ആകർഷണം. സീലിങിന് ജിപ്സം കൊണ്ട് ഫാൾസ് സീലിങ് നൽകിയിരിക്കുന്നു. ഡ്രോപ് ലൈറ്റുകൾ ഈ ഏരിയയ്ക്ക് ഭംഗിയേകുന്നു. വൈറ്റ്- യെല്ലോ കോമ്പിനേഷനാണ് ചുമരുകൾക്ക് നൽകിയിരിക്കുന്നത്. പതിനാറ് പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാവുന്നത്ര വിസ്തൃതമാണ് ഡൈനിങ് ടേബിൾ. ഈ ഡൈനിങ് ടേബിളിന്റെ പാറ്റേണിൽ തന്നെയാണ് ബ്രേക്ക് ഫാസ്റ്റ് ടേബിളും ഒരുക്കിയിരിക്കുന്നത്. അതുകൊണ്ട് തന്നെ അതിഥികളുടെ എണ്ണം



ബ്രേക്ക്ഫാസ്റ്റ് ടേബിൾ

കൂടുതലുള്ളപ്പോൾ രണ്ട് ടേബിളുകളും കൂടി അടുപ്പിച്ച് വലിയൊരു ടേബിളാക്കി ഉപയോഗിക്കാം എന്ന സൗകര്യവുമുണ്ട്. ഡൈനിങിനോട് ചേർന്നുകിടക്കുന്ന വാഷ് ഏരിയയ്ക്കുമുണ്ട് പ്രത്യേകത-മെറ്റാലിക് കോട്ടിങ് വരുന്ന ടൈലാണ് ഇവിടെ ചുമരിന് വേണ്ടി ഉപയോഗിച്ചിരിക്കുന്നത്. മഴത്തുള്ളികളുടെ ഇഫക്റ്റുള്ള ലൈറ്റും നൽകിയിട്ടുണ്ട് ഇവിടെ. ഇറ്റാലിയൻ മാർബിൾ പതിച്ച അടുക്കളയ്ക്കുമുണ്ട് പ്രത്യേകതകൾ. ഇവിടെ നിന്നു നോക്കിയാൽ ലേഡീസ് എൻട്രി വഴി വരുന്നവരേയും സിറ്റൗട്ട് വഴി വരുന്നവരേയും കാണാം. ആർട്ടിഫിഷ്യൽ സ്ലാബ് കൊണ്ടുണ്ടാക്കിയാതാണ് ഇവിടത്തെ കൗണ്ടർ ടോപ്. ഐവറി കളർ ടൈലുകൾക്കിടയിൽ 'യു' ചാനൽ ഗ്രൂ ചെയ്തെടുത്തിരിക്കുന്നു. വീടിന്റെ പ്രധാന തീമുമായി ചേർ



മാസ്റ്റർ ബെഡ്റൂം

ന്നുപോവുന്നതാണ് ഈ ഡിസൈൻ. അടുക്കളയിലെ കാബിനറ്റുകൾക്ക് സ്ക്രാച്ച് വീഴാതിരിക്കാനായി ഡ്യൂക്കോ ഫിനിഷ് ആണ് നൽകിയിരിക്കുന്നത്.

## ചില്ലുപാലം

ഒന്നാംനിലയിലെ ആകർഷണം പെബിൾസ് ഗാർഡനൊരുക്കിയ നടുമുറ്റമാണെങ്കിൽ രണ്ടാം നിലയുടെ പ്രധാന ആകർഷണം കോർട്ട്യാഡിനുമുകളിലായി വരുന്ന ഗ്ലാസ് ബ്രിഡ്ജാണ്. കോർട്ട്യാഡിനു ചുറ്റും വലം വെയ്ക്കാതെ പെട്ടെന്നു തന്നെ ചുറ്റുമുള്ള മുറികളിലേയ്ക്ക് പ്രവേശിക്കാൻ ഈ ബ്രിഡ്ജ് ഉപയോഗിക്കാം. റെയിലുകളും വുഡൻ കവറിങ്ങുമൊക്കെ ചെയ്ത് ഈ ഭാഗം സുരക്ഷിതമാക്കിയിട്ടുണ്ട്. രണ്ടാം നിലയിൽ തന്നെയാണ് ലൈബ്രറിയ്ക്കും സ്ഥാനം കണ്ടെത്തിയിരിക്കുന്നത്. താഴെ ഡ്രോയിങ് റൂമിൽ നിന്നും നോക്കിയാൽ കാണുന്ന സീൻ ബിലോ പാസേജിന്റെ ഒരുഭാഗം ഇവിടെയാണ് വരുന്നത്.

ബാത്ത്റൂം അറ്റാച്ച്ഡ് ആയ, ഡ്രസിങ് റൂമോടുകൂടിയ വലിയ ബെഡ്റൂമുകളാണ് ഈ വീടിനുള്ളത്. ആകർഷകമായ നിറങ്ങൾ ചുമരുകൾക്ക് നൽകിയും ത്രെഡ് കർട്ടനുകൾ നൽകിയും ബെഡ്റൂമുകളെ വ്യത്യസ്തമായൊരു അനുഭൂതിയാക്കി മാറ്റിയിരിക്കുന്നു. ഗ്രേ-റെസ്റ്റിക് -ബ്ലാക്ക് ടൈലുകളുടെ കോമ്പിനേഷനും തൂവെള്ള സാനിറ്ററി ഫിറ്റിങ്ങുകളും കൂടിയാകുമ്പോൾ ബാത്ത്റൂമുകളും സൗന്ദര്യത്തികവേറിയതാകുന്നു.

## profile



### ഡിസൈനർ എ.എം.ഫൈസൽ

**മ**ലബാറിലെ വീടുകളുടെ മുഖച്ഛായയ്ക്ക് ആധുനികതയുടെ സ്പർശം നൽകിയവരിൽ പ്രമുഖനാണ് ഡിസൈനർ എം.എം. ഫൈസൽ. പാരമ്പര്യത്തനിമ നഷ്ടപ്പെടാതെതന്നെ പ്രായോഗികതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ശൈലിയാണ് ഫൈസലിനെ ചുരുങ്ങിയ കാലംകൊണ്ട് പ്രശസ്തനാക്കിയ്. എട്ടു വർഷമായി ഈ രംഗത്തുള്ള ഫൈസൽ പ്രശസ്ത കൺസ്ട്രക്ഷൻ ഗ്രൂപ്പായ നിർമ്മാൺ കൺസ്ട്രക്ഷന്റെ ഡിസൈൻ വിങ് 'നിർമ്മാൺ ഡിസൈൻസി'ന്റെ മേൽനോട്ടം വഹിക്കുന്നു. കേരളത്തിലുടനീളം നിരവധി വീടുകളും വില്ലാ പ്രോജക്ടുകളും ഫൈസൽ ഡിസൈൻ ചെയ്തു കഴിഞ്ഞു.

*വിലാസം* - നിർമ്മാൺ ഡിസൈൻസ്, പട്ടർക്കുളം, മഞ്ചേരി

ഓഫീസ് നമ്പർ - 8129992444, web - www.nirmandesign.com